## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4183 — 12.11.2019 - ൽ മറുപടിക്ക്.

## വ്യവസായ എസ്റ്റേറ്റുകളുടെ ആധുനികവൽക്കരണം

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | മറുപടി<br>ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി). |
|---|---|
| (എ) ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് കീഴിലെ വ്യവസായ എസ്റ്റേറ്റുകൾ ആധുനികവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ; | (എ) : ഉണ്ട്.<br>സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ കീഴിൽ 39 വികസന ഏരിയ/വികസന പ്ലോട്ടുകൾ നിലവിലുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം ഇവയുടെ ആധുനികവൽക്കരണത്തിനായി 69.57 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വൈദ്യുതി ലഭ്യത, ജലവിതരണം, ഖര-ദ്രവ്യ മാലിന്യനിർമാർജ്ജന സംവിധാനം, ആന്തരിക റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, കാന്റീൻ നിർമ്മാണം എന്നിവയെല്ലാം ഉൾപ്പെടുത്തി "*നിലവിലുള്ള വികസന പ്ലോട്ട്/എസ്റ്റേറ്റ് പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യ വികസനം*" എന്ന പേരിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ബി) വ്യവസായ വകുപ്പിന്റെ ഏകജാലക ക്ലീയറൻസ് സംവിധാനമായ കെ-സ്വിഫ്റ്റിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; കെ-സ്വിഫ്റ്റിന്റെ പ്രവർത്തനത്തിൽ സാങ്കേതിക തകരാർ നിലവിലുണ്ടോ ; വിശദമാക്കുമോ ; | (ബി) : ഉണ്ട്.<br>കെ-സ്വിഫ്റ്റിന്റെ പ്രവർത്തനത്തിൽ സംഭവിച്ചിട്ടുള്ള സാങ്കേതിക തകരാർ പരിഹരിച്ച് മുന്നോട്ട് പോകുന്ന തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| (സി) | വ്യവസായ വകുപ്പ് അദാലത്തുകൾ നടത്തുന്നുണ്ടോ ; ഏതൊക്കെ ജില്ലകളിലാണ് അദാലത്ത് ഇതിനകം നടത്തിയത് എന്നറിയിക്കാമോ ; | (സി) : ഉണ്ട്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, എറണാകുളം എന്നീ ജില്ലകളിൽ വ്യവസായ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത അദാലത്തുകളിൽ പരാതികൾ വേഗത്തിൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ? | (ഡി) : നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.